**POLICE** **DEPARTMENT**

**KERALA**


**No. B1-8177/2013/KEPA**

കേരള പോലീസ് അക്കാഡമി,

തൃശ്ശൂർ

dirkepa.pol@kerala.gov.in

04872328770


തീയതി. 24-05-2017

**പുനർലേല പരസ്യം**

തൃശ്ശൂർ രാമവർമ്മപുരം പോലീസ് അക്കാദമി ടിടി2 കമ്പനിക്ക് മുൻവശത്ത് നിൽക്കുന്ന തേക്ക മരം 05/06/2017 തീയതി പകൽ 11.00 മണിക്ക് അക്കാദമി പരിസരത്ത് വെച്ച് പരസ്യമായി പുനർലേലം ചെയ്തു കൊടുക്കുന്നതാണ്. പുനർലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കാണുന്ന പ്രകാരം നിരതദ്രവ്യം കെട്ടിവെക്കേണ്ടതും കൃത്യസമയത്ത് ഹാജരാകേണ്ടതുമാണ്.

| മരത്തിൻറെ പേര് | നിരതദ്രവ്യം |
|---|---|
| തേക്ക മരം | 13 |

ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടനെ അവർ അടച്ച നിരതദ്രവ്യം തിരിച്ചു നൽകുന്നതായിരിക്കും. ലേലം താൽകാലികമായി സ്ഥിരപ്പെടുത്തിയ വ്യക്തി ലേല തുക മുഴുവനായും (നിരതദ്രവ്യം കഴിച്ച് ബാക്കി തുക) സർക്കാർ നിശ്ചയിച്ചിട്ടുള്ള വില്പന നികുതിയും (വാറ്റ് 14.5%) രണ്ടും കൂടിയുള്ള ആകെ തുകയുടെ 5% തുക ഫോറെസ്റ്റ് ഡെവലപ്മെൻറ് ടാക്സ് എന്നിവ ലേല സ്ഥലത്തു വെച്ച് തന്നെ കേരള പോലീസ് അക്കാദമി കാഷ്യർ വശം അടച്ച് രസീതി കൈപ്പറ്റേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയിട്ടുള്ളതായ അറിയിപ്പ് ഈ ഓഫീസിൽ നിന്നും ലഭിച്ചു കഴിഞ്ഞാൽ എത്രയും പെട്ടെന്ന് ലേലം കൈകൊണ്ടയാൾ സ്ഥലത്തു നിന്നും സ്വന്തം ചെലവിൽ മരം നീക്കം ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ലേലം സ്ഥിരപ്പെടുത്തികിട്ടുന്ന ആൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ടി മരങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിയിരിക്കുന്നതുമല്ല.

പുനർലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ 4 മണി വരെയുള്ള സമയങ്ങളിൽ മേൽ പറഞ്ഞ മരങ്ങൾ അക്കാദമി എസ്റ്റേറ്റ് ഓഫീസറുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. പരിശോധനക്ക് വരുന്നവരും ലേലത്തിൽ പങ്കെടുക്കുന്നവരും സ്വന്തം തിരിച്ചറിയൽ രേഖ കൈവശം വെക്കേണ്ടതും ആവശ്യപ്പെടുന്നപക്ഷം ഹാജരാക്കേണ്ടതുമാണ്.

യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റിവെക്കുന്നതിനും സ്ഥിരപ്പെടുത്തുന്നതിനും ഉള്ള അധികാരം കേരള പോലീസ് അക്കാദമി ഡയറക്ടറിൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിൽ ബാധകമായിരിക്കും.

കെ പത്മകുമാർ ഐപിഎസ്

അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്

സ്വീകർത്താവ് : ലേല ബോർഡ് അംഗങ്ങൾക്കും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും കമാണ്ടൻറ്മാർക്കും വേണ്ടത്ര പ്രചരണം നൽകുന്നതിനായി. തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടം മേഖല സെക്രട്ടറിക്ക് 5

B1-8177/2013/KEPA 8bd38b

കോപ്പികൾ പ്രചരണത്തിനായി, ഡെപ്യൂട്ടി കമാണ്ടൻറ് എ. ആർ. ക്യാമ്പ്, തൃശ്ശൂർ, വില്ലേജ് ഓഫീസർ, വിൽവട്ടം വില്ലേജ്, കാഷ്യർ, കേരള പോലീസ് അക്കാദമി അറിവിലേക്കും അനന്തര നടപടികൾക്കുമായി. നോട്ടിസ് ബോർഡ്, കെ. ഇ. പി. എ.

Internal Administrative Processing System
iAPS
KERALA POLICE